## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 453 — 27.02.2018 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുതൽമുടക്ക് താരതമ്യേന കുറഞ്ഞതും, അധ്വാന ശക്ത്യാധിഷ്ഠിതവും, വൻതോതിൽ പാവപ്പെട്ടവർ ഉപജീവനത്തിന് ആശ്രയിക്കുന്നതുമായ പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ തറികളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പുതിയ ഡിസൈൻ/പുതിയ സാമഗ്രികൾ ഉപയോഗിച്ച് മൂല്യവർദ്ധിത കൈത്തറി ഉല്പന്നങ്ങളുടെ വികസനം, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പണിശാല നവീകരണത്തിന് ധനസഹായ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം |

ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ് മുതലായവ ഏർപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, എന്റെ ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി

പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ ഡീഫൈബറിഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

| | |
|---|---|
| (ബി) മറ്റുരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നതിനെക്കാൾ വളരെ കുറഞ്ഞ വേതനം മാത്രം ലഭിക്കുന്ന സ്ഥിതി മെച്ചപ്പെടുത്തുവാനായി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (ബി) പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് വർഷം 300 ദിവസം ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കുകയും ചെയ്തു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുകയെന്നതിന് പുറമെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരം നൽകുവാനും സാധിച്ചു. ഹാന്റെക്സ് , ഹാന്റ് വീവ് എന്നിവിടങ്ങളിൽ ഡിസൈനർ സെന്ററുകൾ ആരംഭിച്ച് ഡിസൈനർമാരുടെ സഹായത്തോടെ മൂല്യവർദ്ധിത ഉൽപന്നങ്ങളിലൂടെ വിപണ സാധ്യത വർദ്ധിപ്പിച്ച് കൈത്തറി മേഖലയ്ക്ക് പ്രോത്സാഹനം നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിൽ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന ഈറ്റ് വെട്ടുകാർ, പനമ്പ് നെയ്ത്തുകാർ എന്നിവർക്ക് മിനിമം കൂലി ഇനത്തിൽ പ്രതിദിനം 136 രൂപ ആശ്വാസ പദ്ധതിയായി അനുവദിച്ചുവരുന്നു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം |

വേതന പദ്ധതി, നൂൽപ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം വ്യവസായങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും, ഉല്പന്നങ്ങൾ ന്യായവില ഉറപ്പുവരുത്തിക്കൊണ്ട് സംഭരിച്ച് വിപണനം നടത്തുവാനും സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി) കൈത്തറി ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന്റെ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഹാന്റെക്സ്, ഹാന്റ് വീവ് എന്നിവിടങ്ങളിൽ ഓരോ ഡിസൈൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഡിസൈൻ സെന്ററുകൾ വഴി നെയ്ത്തുകാർക്കും നെയ്ത്ത് സഹകരണ സംഘങ്ങൾക്കും സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് ഡിസൈനർമാരെ നിയോഗിക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് പ്രത്യേക ധനസഹായം നൽകിവരുന്നു. കരകൗശല വികസന കോർപറേഷൻ, സുരഭി, കാഡ്കോ, കേരള സംസ്ഥാന ബാംബൂ കോർപറേഷൻ എന്നീ സ്ഥാപനങ്ങൾ സർക്കാർ ധനസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്പന്നങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ക്ലസ്റ്റർ വികസന പദ്ധതികൾ വഴി നൈപുണ്യ വികസന പരിശീലനം നടത്തിവരുന്നു. ഖാദി മേഖലയിലെ ഉല്പന്നങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്തുന്നതിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ വ്യവസായത്തെ ആധുനിക വൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചു വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ഫാർമേഴ്സ് സൊസൈറ്റികൾ, നാളീകേര ഉല്പാദക കമ്പനികൾ, അഗ്രോസർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപാദിപ്പിച്ച് കയർ

ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനസംഘടന വഴി ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ